**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4581** **10-08-2021 - ൽ മറുപടിയ്ക്ക്**

**റെസ്ക്യൂ ഹോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിൽ റെസ്ക്യു ഹോം എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വനിതശിശു വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ തവനൂർ എന്ന സ്ഥലത്ത് ഒരു റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത റെസ്ക്യു ഹോമുകളിൽ എത്ര വനിതകൾ അന്തേവാസികളായുണ്ടെന്ന് അറിയിക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ തവനൂർ ഉള്ള റെസ്ക്യൂ ഹോമിൽ ആകെ 25 താമസക്കാർ ഉണ്ട്. |
| (സി) | റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം വിശദമാക്കുമോ? | (സി) | ഇമ്മോറൽ ട്രാഫിക് നിരോധന നിയമ പ്രകാരം ശിക്ഷിക്കപ്പെട്ടവരും ചൂഷണത്തിന് വിധേയരാകാൻ സാധ്യതയുള്ളവരുമായ സ്ത്രീകൾക്ക് സംരക്ഷണം നല്കി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ജയിൽ വകുപ്പിന് കീഴിൽ 09.06.1973 ൽ തവനൂരിൽ പ്രവർത്തനമാരംഭിച്ച ക്ഷേമ സ്ഥാപനമാണ് റെസ്ക്യൂ ഹോം. നിലവിൽ സ്ഥാപനം വനിത ശിശു വികസന വകുപ്പിൻ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. സ്ഥാപനത്തിൽ 75 പേർക്ക് താമസിക്കാമെങ്കിലും നിലവിൽ 25 പേരാണ് സ്ഥാപനത്തിലുള്ളത്. ഇവരിൽ 24 പേരും ഇതര സംസ്ഥാനക്കാരാണ്. 22 പേർ മാനസിക അസുഖമുള്ളവരും 2 പേർ സംസാര ശേഷി ഇല്ലാത്തവരും ഒരാൾ മാനസിക വെല്ലു വിളി നേരിടുന്നയാളുമാണ്. ഇവർക്ക് സുരക്ഷിതമായ താമസം, വൃത്തിയുള്ള ചുറ്റുപാട്, ആരോഗ്യകരമായ ഭക്ഷണം, റെഗുലർ മെഡിക്കൽ ചെക്ക്അപ്പുകൾ എന്നിവ പ്രദാനം ചെയ്യുന്നുണ്ട്. താമസക്കാരുടെ ഭാഷ, മാനസിക നില എന്നിവ കാരണം പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് പരിമിതി നേരിടുന്നതിനാൽ ഇതര സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തേക്ക്/ വീടുകളിലേയ്ക്ക് REPATRIATION/ REHABILITATION ചെയ്യാനുള്ള നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ